പത്രക്കുറിപ്പ്
29-12-2017

## ഗണിത വിസ്മയത്തിന് തുടക്കം

തിരുവനന്തപുരം: കുടുംബശ്രീ ബാലസഭ അംഗങ്ങളായ കുട്ടികൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന ഗണിത വിസ്മയം സംസ്ഥാന തല സംഗമത്തിന് തുടക്കം. കുട്ടികളിൽ ഗണിത ശാസ്ത്രത്തിൽ താത്പര്യം ജനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഗണിതത്തെ പ്രകൃതിയുമായും നിത്യ ജീവിതവുമായും ബന്ധപ്പെടുത്തി രസകരവും മനോഹരവുമായ രീതിയിൽ അവതരിപ്പിച്ച് നടത്തുന്ന നൂതന പരിപാടിയാണ് ഗണിത വിസ്മയം. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലത്തിൽ ഇതിനോട് അനുബന്ധിച്ച് പരിശീലനങ്ങളും പ്രവർത്തനങ്ങളും നടത്തിയതിൽ നിന്ന് തെര ഞ്ഞെടുക്കപ്പെട്ട 420 കുട്ടികൾ രണ്ട് ദിനങ്ങളിലായി നടക്കുന്ന സംഗമത്തിൽ പങ്കെടുക്കുന്നു.

തിരുവനന്തപുരം പട്ടം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ മേയർ വി.കെ. പ്രശാന്ത് സംഗ മം ഉദ്ഘാടനം ചെയ്തു. തിന്മകൾ നിറഞ്ഞ സമൂഹത്തിൽ തിന്മകളും നന്മകളും തിരിച്ചറി യാനുള്ള ശേഷിയാണ് ബാലസഭ പോലുള്ള കൂട്ടായ്മകളിലൂടെയുണ്ടാകുന്നതെന്ന് അദ്ദേഹം പറഞ്ഞു. ബാലാവകാശ കമ്മീഷൻ അധ്യക്ഷ ശോഭ കോശി മുഖ്യ പ്രഭാഷണം നടത്തി. അവരവരുടെ ചുറ്റുപാടുകൾ മനസ്സിലാക്കി സമൂഹത്തിൽ ഉത്തമ പൗരന്മാരായി മാറാനുള്ള അവസരമാണ് ബാലസഭകൾ നൽകുന്ന തെന്ന് ശോഭ കോശി പറഞ്ഞു. പട്ടം വാർഡ് കൗൺ സിലർ രമ്യ രമേഷ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ജി.എസ്. അമൃത സ്വാഗതം ആശംസിച്ചു. കുടുംബശ്രീ പ്രോഗ്രാം മാനേജർ സോയ തോമസ് പദ്ധതി വിശദീകരണം നടത്തി. തിരുവനന്തപുരം കോർപ്പറേഷൻ സിഡിഎസ് ചെയർപേഴ്സ ൺ ശ്രീലേഖ ആശംസ അർപ്പിച്ചു. സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ഇ. പ്രിയ നന്ദി പറഞ്ഞു.

ഓരോ ബാലസഭയിൽ നിന്നും എൽപി, യുപി, ഹൈസ്കൂൾ തലം തിരിച്ചാണ് ഗണിത വിസ്മയ സംഗമത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രായോഗിക ജീവിതവുമായി ബന്ധപ്പെ ട്ട ഗണിത ശാസ്ത്രം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും ജില്ലാ തലത്തിൽ തെരഞ്ഞെടുക്ക പ്പെട്ടവർ തയാറാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തലും സംഗമത്തിൽ നടത്തും. കൂടാതെ ബാലാവകാശം, സൈബർ ക്രൈം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളും നൽകും. ഓരോ ജില്ല യിൽ നിന്നും തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാരും ഗണിതശാസ്ത്ര രംഗത്തെ വിദഗ്ധ രും ഉൾപ്പെട്ട ടീമിനാണ് പരിശീലന ചുമതല. സംഗമം നാളെ (30-12-2017) സമാപിക്കും. സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും സമ്മാനദാനവും ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിക്കും. കെ. മുരളീധരൻ എംഎൽഎ അധ്യക്ഷനായിരിക്കും.

അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ പാരിസ്ഥിതിക, സാമ്പത്തിക, സാംസ്ക്കാരിക വിഷയങ്ങളുടെ പഠനം എന്ന ലക്ഷ്യം മുൻനിർത്തിയാണ് കുടുംബശ്രീ മിഷന്റെ സമഗ്ര ശിശുകേന്ദ്രീകൃത പരിപാടിയായ ബാലസഭകൾ പ്രവർത്തിക്കുന്നത്. 66743 ബാലസഭകളിലായി പത്ത് ലക്ഷത്തിലേറെ കുട്ടികൾ ഇപ്പോൾ അംഗങ്ങളാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ